**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** | **08-12-2022 - ൽ മറുപടിയ്ക്ക്**

**കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്നർ റോഡ് - റെയിൽ പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർക്കുവേണ്ടി 2008 മാർച്ച് 19 ന് പുറപ്പെടുവിച്ച പുനരധിവാസ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നാലുവരിപ്പാതയ്ക്കും റെയിൽപ്പാതയ്ക്കു വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക 19.03.2008 ലെ സ.ഉ(കൈ) നമ്പർ 62/08/ ആർ.ഡി, 26.05.2008 ലെ സ.ഉ(കൈ) നമ്പർ 163/08/ആർ.ഡി, 01.12.2008 ലെ സ.ഉ(ആർ.റ്റി) നമ്പർ 3849/08/ആർ.ഡി എന്നീ ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന പുനരധിവാസ പാക്കേജ അനുവദിക്കുകയുണ്ടായി.<br><br>(1) ICTT വല്ലാർപാടം പദ്ധതിയ്ക്കായ കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്ക് 1 സെന്റ് മുതൽ 5 സെന്റ് വരെ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും അതിന മുകളിൽ ഉള്ളവർക്ക് 6 സെന്റ് സ്ഥലവു നൽകിയിട്ടുണ്ട്. ഭൂമിയുടെ ലഭ്യത കുറവായതിനാൽ സ്പെഷ്യൽ പുനരധിവാസ അലവൻസ് ആയി DLPC നിശ്ചയിച്ച സ്ഥലവില കണക്കാക്കി കൂടുതലായി വരുന്ന സ്ഥലത്തിന്റെ തുക നൽകുകയുണ്ടായി.<br><br>(2)കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്കു മൂലമ്പിള്ളി, കോതാട്, കോരമ്പാടം, വടുതല തൈക്കാവ്കുളം, തുതിയൂർ(കാക്കനാട്) തുതിയൂർ<br><br>(വാഴക്കാല), മുളവുകാട് എന്നീ സ്ഥലങ്ങളിലായി പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതും, പ്രസ്തുത ഭൂമിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | (3) മൂലമ്പിള്ളി, കോതാട്, കോരമ്പാടം മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ 31.07.2012 ലും തുതിയൂർ (വാഴക്കാല) സ്ഥലത്തെ അടിസ്ഥാന സൗകര്യ 31.07.2013 ലും പൂർത്തിയാക്കിയിട്ടുള്ളതുമാണ്<br><br>പ്രസ്തുത തീയതി മുതൽ 6 മാസം കൂട്ടി ചേർത്തുള്ള വാടക (പ്രതിമാസം 5000/- രൂപ) വീതം നൽകിയിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യം പൂർത്തിയാക്കിയ തീയതി മൂലമ്പിള്ളി മോണിറ്ററിംഗ് കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതാണ്.<br><br>(4) ഷിഫ്റ്റിംഗ് ചാർജ്ജ് 10,000/- രൂപ എല്ലാ കുടുംബാംഗങ്ങൾക്കും നൽകിയിട്ടുള്ളതാണ്.<br><br>(5) പുനരധിവാസ സ്ഥലത്ത് വീട് പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളം, വൈദ്യുതി കണക്ഷനുകൾ മുൻഗണന നൽകി അനുവദിച്ച് വരുന്നു.<br><br>(6) ICTT വല്ലാർപാടം പദ്ധതി BOT അടിസ്ഥാനത്തിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകാൻ സാധ്യമല്ലെന്നുള്ള വിവരം കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | പുനരധിവാസ ഭൂമിയിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, ഡ്രൈനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ഹൈക്കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതെന്നറിയിക്കാമോ; | (ബി) | പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലം ഏറ്റെടുത്ത തീയതി മുതൽക്കോ അല്ലെങ്കിൽ 06.02.08 മുതൽക്കോ ആണ് വാടക നൽകി വരുന്നത്. മൂലമ്പിള്ളി പാക്കാജ് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26.06.2011 ൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരവും സ.ഉ(സാധാ) നം. 5469/2011/റ 23.11.2011 ഉത്തരവിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യം ഒരുക്കിയ തീയതി മുതൽ ആറു മാസത്തേക്കായി വാടക നിയന്ത്രിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം വടുതല, കാക്കനാട്, തുതിയൂർ, മുളവുകാട്, മൂലമ്പിള്ളി, കോതാട് എന്നിവിടങ്ങളിൽ പുനരധിവാസ പാക്കേജ് അനുവദിച്ചവർക്ക് 31.01.2013 വരെയും |

| | | | |
|---|---|---|---|
| | | | ഉതിയൂർ (വാഴക്കാല) പ്ലോട്ട് അനുവദിച്ചവർക്ക<br>31.01.2014 വരെയും വീട്ടുവാടക പ്രതിമാസം<br>5000/- രൂപ നൽകി കഴിഞ്ഞു. |
| (സി) | വീട്ടുവാടക ഇനത്തിൽ അനുവദിക്കപ്പെട്ട തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ട<br>കുടുംബങ്ങൾക്ക് സ്ഥലം ഏറ്റെടുത്ത തീയതി<br>മുതൽക്കോ അല്ലെങ്കിൽ 06.02.08 മുതൽക്കോ<br>ആണ് വാടക നൽകി വരുന്നത്. മൂലമ്പിള്ളി<br>പാക്കാജ് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ<br>അധ്യക്ഷതയിൽ 26.06.2011 ൽ ചേർന്ന<br>യോഗത്തിന്റെ തീരുമാനപ്രകാരവും<br>സ.ഉ(സാധാ) നം. 5469/2011/റവ<br>23.11.2011 ഉത്തരവിന്റെ അടിസ്ഥാനത്തിലും<br>അടിസ്ഥാന സൗകര്യം ഒരുക്കിയ തീയതി<br>മുതൽ ആറു മാസത്തേക്കായി വാടക<br>നിയന്ത്രിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ<br>പ്രകാരം വടുതല, കാക്കനാട്, തുതിയൂർ<br>മുളവുകാട്, മൂലമ്പിള്ളി, കോതാട<br>എന്നിവിടങ്ങളിൽ പുനരധിവാസ പാക്കേജ<br>അനുവദിച്ചവർക്ക് 31.01.2013 വരെയും<br>ഉതിയൂർ (വാഴക്കാല) പ്ലോട്ട് അനുവദിച്ചവർക്ക<br>31.01.2014 വരെയും വീട്ടുവാടക പ്രതിമാസം<br>5000/- രൂപ നൽകി കഴിഞ്ഞു. |
| (ഡി) | കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ച പദ്ധതിയിൽ ജോലി നൽകും എന്ന സർക്കാർ ഉത്തരവ് പ്രകാരം എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | പ്രസ്തുത പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ആർക്കും ജോലി നൽകിയിട്ടില്ലാത്തതാണ്. ICTT വല്ലാർപാടം പദ്ധതി BOT വ്യവസ്ഥയിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് സാധ്യമല്ലായെന്നുള്ള വിവരം കൊച്ചി പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ് |

സെക്ഷൻ ഓഫീസർ